# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മെഴുവേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P11/937/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മെഴുവേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P11/937/2023 തീയ്യതി: 19/09/2023

## പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ കെ.,ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ് കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

ശ്രീമതി സാജിത സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പിങ്കി ശ്രീധർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ സിജു പി | സെക്രട്ടറി | 01-04-2022 | 08-04-2022 |
| ശ്രീ ബിജുകുമാർ എം | സെക്രട്ടറി | 09-04-2022 | 18-04-2022 |
| ശ്രീമതി ലക്ഷ്മി ഡി | സെക്രട്ടറി | 19-04-2022 | 07-10-2022 |
| ശ്രീ ബിജുകുമാർ എം | സെക്രട്ടറി | 08-10-2022 | 21-10-2022 |
| ശ്രീമതി ലക്ഷ്മി ഡി | സെക്രട്ടറി | 22-10-2022 | 16-01-2023 |
| ശ്രീ ആനന്ദ് കിഷോർ | സെക്രട്ടറി | 17-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാഹുൽ സോമൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീ സുനീർ ഷാജി | കൃഷി ഓഫീസർ | 01-04-2022 | 28-12-2022 |
| ശ്രീമതി പ്രിയങ്ക എസ് ചന്ദ്രൻ | കൃഷി ഓഫീസർ | 29-12-2022 | 31-03-2023 |
| ശ്രീമതി മാത്തൻ മെൽബാ സാറാ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ ബിജുകുമാർ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ സി | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി അനിതകുമാരി എം.സി | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 31-03-2023 |
| ശ്രീ സ്വരാജ് റസ്സൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 23-06-2022 |
| ശ്രീമതി ദിവ്യ സി | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24-06-2022 | 08-03-2023 |
| ശ്രീ സ്വരാജ് റസ്സൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-03-2023 | 31-03-2023 |
| ശ്രീമതി ആമിന സമദ് | ഡെയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സിന്ധു ഭാസ്കർ | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി സംഗീത പദ്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു ആർ എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ സവാദ് | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്റ്റെഫി എക്സ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | മാർച്ച് മാസത്തെ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ബാലൻസ് തുകകളുടെ കൃത്യത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- ബാലൻസ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകൾ സംബന്ധിച്ച അവലോകനം. | 1-11 |
| 21 | വ്യാവസായിക കെട്ടിടത്തിനു ഒക്യുപ്പൻസി അനുവദിക്കുന്നതിൽ ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റ് അനുമതി ഒഴിവാക്കി നൽകി. | 1-12 |
| 22 | വാണിജ്യ കെട്ടിടങ്ങൾക്കു ഒക്യുപ്പൻസി അനുവദിച്ചതിലെ അപാകതകൾ | 1-13 |
| 23 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-14 |
| 24 | മരുന്നുവാങ്ങൽ പദ്ധതികൾ ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല | 1-15 |

| | | |
|---|---|---|
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ- പരേതരുടെ പെൻഷൻ യഥാസമയം സസ്‌പെൻഡ് ചെയ്യുന്നില്ല. | 1-16 |
| 26 | MCF, മിനി MCF എന്നിവിടങ്ങളിൽ നിന്നും മാലിന്യം നീക്കുന്നില്ല. | 1-17 |
| 27 | സമഗ്ര കോളനി വികസനം പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു. | 1-18 |
| 28 | ക്രിമറ്റോറിയം നിർമ്മാണം ആരംഭിക്കാനായില്ല. 11 ലക്ഷം രൂപ പാഴ് ചെലവായി. | 1-19 |
| 29 | സ്കോളർഷിപ്പ് പദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ | 1-20 |
| 30 | ലാപ്ടോപ്പ് വിതരണം - ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല | 1-21 |
| 31 | എസ്.എസ്.കെയ്ക്ക് നൽകിയത് 41.77ലക്ഷം ; ക്ലാസ്സ് നടക്കുന്നത് സ്റ്റേജിൽ | 1-22 |
| 32 | ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് കണക്കിൽ ഉൾപ്പെട്ടില്ല | 1-23 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല | 1-24 |
| 34 | ഹോമിയോ മരുന്നുകൾ ലഭിച്ചില്ല | 1-25 |
| 35 | പരേതനും കർഷക പെൻഷൻ | 1-26 |
| 36 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച അവലോകനം | 1-27 |
| 37 | അഗതി രഹിത കേരളം പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-28 |
| 38 | സുഗന്ധവിള കൃഷി - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നല്കി | 1-29 |
| 39 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ | 1-30 |
| 40 | കളി ഉപകരണങ്ങൾ വാങ്ങൽ - അധികം തുക നൽകി | 1-31 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.07.2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29.07.2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
തീയതി- 19/09/2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ, എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

1) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള അക്കൗണ്ട് ബാലൻസ് തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം ഉണ്ട്.

| Code | 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക | ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|
| 450210101 | 5199060 | 5247964 |
| 450210102 | 4072143 | 4023239 |

2. RP 40(a) പ്രകാരം വിവിധ അക്കൗണ്ടുകളിലെ മുന്നിരിപ്പ് തുക മുൻ വർഷത്തെ നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ടിന്റെ വിവരം | മുൻവർഷത്തെ നീക്കിയിരുപ്പ് തുക | തൻ വർഷത്തെ മുന്നിരിപ്പ് തുക |
|---|---|---|
| Nationalised Bank Account Of Own Revenue Fund | 28750 | -417007 |
| Co Operative Bank Account - Own Revenue Fund | 157520 | വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല |
| Canara Bank- E Paymant Account | 5139462 | 5634123 |
| Other Co Operative Bank -861 | 3913123 | 4021739 |

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -3661165 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 636001 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 മാർച്ച് മാസത്തെ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

| ബാങ്കിന്റെ പേര് | ഇനം | അക്കൗണ്ട് നമ്പർ | പാസ്സ് ബുക്ക് ബാലൻസ് | ബാങ്ക് ബുക്ക് ബാലൻസ് |
|---|---|---|---|---|
| Canara Bank | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6074 | 2587028 | 2590284 |
| TSB | Joint Venture | 136 | 0 | -361083 |
| SCB | DRF | 3870 | 1561 | 237780 |
| Canara Bank | Own Fund | 158 | 3387396 | 3341759 |

## 1-1-5 ചെലവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

1)തിരുവാഭരണപ്പാത സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി പ്രോ.നം. 162 പ്രകാരം 97067 രൂപയും കാവുംപടി വൈ എം സി എ റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി പ്രോ.നം. 160 പ്രകാരം 215185 രൂപയും കെ എസ്സ് ഇ ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി തുക കെ എസ്സ് ഇ ബിയ്ക്ക് നൽകിയ അഡ്വാൻസ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

2)പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും തൻ വർഷം 353068 രൂപ ചെലവഴിച്ചിരുന്നു. ഈ തുക സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് മുഖേന റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും റീ ഫണ്ട് ചെയ്തിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ Operations And Maintenance ലെ ചെലവിലും സേവന മേഖലയിലെ പ്രോജക്ട് ചെലവിലും രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ചെലവിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ട്.

3)ഷെഡ്യൂൾ B 5 – Secured Loans From State Governmentഎന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ലൈഫ് പദ്ധതിയ്ക്കായി ലഭിച്ച സംസ്ഥാന സർക്കാർ വിഹിതമാണ്.

## 1-1-6 രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ലോൺ വരവ് സംബന്ധിച്ച വിവരങ്ങളും തുക ചെലവഴിച്ചതിന്റെ വിവരങ്ങളും മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

## 1-1-7 ബാലൻസ് തുകകളുടെ കൃത്യത തെളിയിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ B-18 Loans, Advances And Deposits – ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം രേഖപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്യാത്തതിനാൽ താഴെ പറയുന്ന ബാലൻസ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

1.Advance To Implementing Agencies - Deposit With Kerala Water Authority - 5,803,145

2.Advance To Implementing Agencies - Deposit With Kerala Electricity Board -678,794

3.Advance To Implementing Agencies - Deposit With Ground Water Department 800,000

4.Advance To Implementing Agencies - Deposit With Public Works Department 761,750

## 1-1-8 പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- ബാലൻസ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ B 4 – പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ - നീക്കിയിരുപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

| | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| Library Grant | 28,223 | 27716 |
| Sabarimala Grant | 943,000 | 3306106 |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | 347,061 | ACR സൂക്ഷിച്ചിട്ടില്ല |
| Other Grants, Funds & Contributions For Specific Purposes - Capital | 495,543 | ACR സൂക്ഷിച്ചിട്ടില്ല |
| Donations Related To Pandemic/Epidemic Control | 22,000.00 | ACR സൂക്ഷിച്ചിട്ടില്ല |

## 1-1-9 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

പരിശോധനയ്ക്കായി സമർപ്പിച്ച താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | ഉദ്ദേശ്യം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | Canara Bank , Elavumthitta Branch | 110049381474 | Health Grant Bulildingless Sub PHC |
| 2. | Canara Bank , Elavumthitta Branch | 110098137083 | Literacy, |
| 3. | SBI , NEDIYAKALA | 41672702443 | ഏത് ആവശ്യത്തിനാണെന്ന് വ്യക്തമല്ല. |

## 1-2 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 26.03.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 17.03.2023ലെ കമ്മറ്റി അംഗീകാരം അംഗീകാരം നൽകി.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവും ഇപ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 10316670 | 12800127 | -2483457 |
| വരവ് | 355650000 | 33477963 | 322172037 |
| ആകെ | 365966670 | 46278090 | 319688580 |
| ചെലവ് | 364826000 | 37139128 | 327686872 |
| നീക്കിയിരിപ്പ് | 1140670 | 9138962 | -7998292 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ്- ചെലവുമായി ഇത്രയധികം അന്തരം നിലനിൽക്കുന്നതിനാൽ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെയാണെന്ന് വ്യക്തമാണ്.യാഥാർത്ഥ്യത്തോട് ചേർന്ന് നിൽക്കുന്ന ബജറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ്& പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
|---|---|---|
| മുന്നിരിപ്പ് | 12800127 | |
| വരവ് | 33477963 | 99304235 |
| ആകെ | 46278090 | |
| ചെലവ് | 37139128 | 100571027 |
| നീക്കിയിരിപ്പ് | 9138962 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 9515016 | 9515016 | 8501316 | 9515016 |
| വികസനഫണ്ട്-എസ്.സി.പി | 0 | 11895984 | 11895984 | 10111854 | 1784130 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 6618000 | 6618000 | 4105311 | 2512689 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 4570000 | 4570000 | 3081658 | 1488342 |
| സി.എഫ്.സി-ടൈഡ് | 2179985 | 3424385 | 5604370 | 3299365 | 2305005 |
| സി.എഫ്.സി-അൺ ടൈഡ് | 0 | 1635776 | 1635776 | 1350497 | 285279 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 1181106 | 130000 | 1311106 | 605625 | 705481 |
| ലൈബ്രറി ഗ്രാന്റ് | 38328 | 17611 | 55939 | 28223 | 27716 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| MGNREGS | 4678 | 18488841 | 18493519 | 18483788 | 9731 |
| ഐ.സി.ഡി.എസ് | 634610 | 589012 | 1223622 | 204678 | 1018944 |

ഗ്രാന്റ് പത്രികയിലെ അപാകതകൾ

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 963600 /- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 503296/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1369942/- രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോ.നം. 103- പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 63522 രൂപ ഗ്രാന്റ് പത്രികയിൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 88- ഭവന പുനരുദ്ധാരണം (എസ്സ് സി പി ) എന്ന പ്രോജക്ട് പ്രകാരം ചെലവഴിച്ച 45000 രൂപ ഗ്രാന്റ് പത്രികയിൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

6. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 684971/- രൂപ വികസന ഫണ്ട് (എസ്.സി.പി) ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 190 | 147121156 | 127 | 40920362 | 63 | 66.84 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 30 | 9 | 9413553 | 5250652 |
| 2 | കൃഷി ഓഫീസർ | 14 | 13 | 2114999 | 1464923 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 7 | 6 | 2206447 | 1853455 |
| 4 | വെറ്ററിനറി സർജ്ജൻ | 4 | 4 | 1923150 | 1353870 |
| 5 | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 2 | 2 | 575000 | 570564 |
| 6 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 50000 | 50000 |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 412000 | 354493 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 87 | 53 | 27508092 | 9697282 |
| 9 | ഐസിഡിഎസ് സൂപ്പർവൈസർ | 8 | 7 | 3274050 | 2201811 |

| | | | | | |
|---|---|---|---|---|---|
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 7 | 7 | 71336383 | 12948816 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 713952 | 285850 |
| 12 | ഹെഡ് മാസ്റ്റർ | 5 | 5 | 1812530 | 1812200 |
| 13 | ഫിഷറീസ് ഓഫീസർ | 1 | 1 | 40000 | 16000 |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 17 | 13 | 25741000 | 3060446 |
| | ആകെ | 190 | 127 | 147121156 | 40920362 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4678 | 752447 | 757125 | 747394 | 9731 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 17736394 | 17736394 | 17736394 | 0 |
| ആകെ | 4678 | 18488841 | 18493519 | 18483788 | 9731 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2146000 | 164 |
| വിധവാപെൻഷൻ | 7005000 | 590 |
| വാർദ്ധക്യകാലപെൻഷൻ | 16527300 | 1378 |
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2140800 | 178 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 332800 | 28 |
| തൊഴിൽരഹിത വേതനം | 3240 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2023ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4448 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

2. പദ്ധതികളുടെ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം പഞ്ചായത്ത് കമ്മിറ്റി കൂട്ടിച്ചേർത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം തേടുന്നില്ല. ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവായിപ്പോയ അർഹരെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെ ആയിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

3.സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4.മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത
പുലർത്തേണ്ടതാണ്.

5.ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി
സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2022 | 01/2022 To 03 /2022 | 08.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.05.2018 | 04/2020 To 03/2021 | 10.11.2021 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകൾ സംബന്ധിച്ച അവലോകനം.

I) നികുതി വരവുകൾ

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല .

01.04.2023 മുതൽ പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (കൈ) നം. 77/2023/Lsgd; 22.03.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് അന്തിമ വിജ്ഞാപനം 05-08-2023 ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതി പരിഷ്കരണത്തിലും സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല

ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ നൽകുകയാണെങ്കിൽ ഗ്രാമപ്പഞ്ചായത്ത് അംഗീകരിക്കുന്ന നിരക്കിൽ സേവന ഉപനികുതികൾ ചുമത്താവുന്നതാണെന്നും എന്നാൽ അപ്രകാരം ചുമത്തുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിരക്കിൽ കുറയാൻ പാടുള്ളതല്ലയെന്നും 2011-ലെ കേരള കേരളാ പഞ്ചായത്തിരാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 26-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്ത് ടി സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല. 27-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുറഞ്ഞ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

തെരുവുവിളക്ക് തെളിക്കൽ, കുടിവെള്ള വിതരണം, ശുചിത്വ പരിപാലനം ഇനങ്ങളിൽ വർഷാവർഷം ഗ്രാമപ്പഞ്ചായത്ത്

ഗണ്യമായ തുക ചെലവഴിച്ചുവരുന്നു. തനതുഫണ്ട് തീരെക്കുറവായ പഞ്ചായത്തിന്റെ അനിവാര്യ ചെലവുകൾ നടന്നുവരുന്നത് സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുമാണ് ഈ സാഹചര്യത്തിൽ, സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സർക്കാർ അനുമതി ഉപയോഗിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. എല്ലാ ചെലവുകളും സർക്കാർ ഗ്രാന്റിൽ നിന്നും നടപ്പാകും എന്ന നിലപാടും ശരിയല്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റി പുനർചിന്തനം നടത്തേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

C) തൻ വർഷത്തെ വസ്തു നികുതി പിരിവ് ആശാവഹം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ നിന്നും ആകെ ഡിമാന്റ് തുകയായ 35.16 ലക്ഷം രൂപയിൽ 33.52 ലക്ഷം രൂപയും പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. അതായത് ആകെ ഡിമാന്റ് തുകയുടെ 95.34% തുകയും പിരിച്ചെടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള DCB വിവരങ്ങൾ ചുവടെ ചേർക്കുന്നു. കണക്കുകൾ പ്രകാരം 1.63 ലക്ഷം രൂപ വസ്തു നികുതിയിനത്തിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. എട്ടു വാർഡുകളിൽ 100% നികുതി പിരിവു നടത്താൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന അഞ്ചു വാർഡുകളിൽ 1.21 ലക്ഷം രൂപ കുടിശ്ശികയുള്ളത് വാർഡ് -8 ഇലവുംതിട്ടയിലാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 262890 | 3253124 | 3516014 | 138066 | 3214268 | 3352334 | 124824 | 38856 | 163680 |

D) മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായി ₹36388 രൂപ ഈടാക്കാൻ അവശേഷിക്കുന്നു .

2022-23 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ ₹36388 രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 2/139 | സബ് ഡിവിഷണൽ എഞ്ചിനിയർ,<br>ബി എസ്സ് എൻ എൽ,<br>ഉള്ളന്നൂർ പി ഒ | 8663+434+0=9097 | 2021-22 മുതൽ 2022-23 വരെ | 18194 |
| 2 | 8/81 A | സബ് ഡിവിഷണൽ എൻജിനീയർ,<br>ബി എസ്സ് എൻ എൽ<br>പത്തനംതിട്ട. | 8663+434+0=9097 | 2021-22 മുതൽ 2022-23 വരെ | 18194 |
| | | ആകെ | | | 36388 |

തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

E) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല .

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20

പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് U.A എന്ന രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകുപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ UA രജിസ്റ്ററിൽ ആകെ 4 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഡ് 3,6 എന്നിവിടങ്ങളിലെ അനധികൃത കെട്ടിടങ്ങളാണിവ. മറ്റു വാർഡുകളുടെ വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടോയെന്ന വ്യക്തമല്ല.

F) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല .

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല എന്ന ഓഡിറ്റു വിലയിരുത്തുന്നു.

G) തൊഴിൽ നികുതി.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് പിരിച്ചെടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

II) നികുതിയേതര വരവുകൾ

A) ലൈസൻസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2022-23സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ആകെ 256 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

B) വാടക

ഗ്രാമപഞ്ചായത്ത് വക കടമുറി നം. 52 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം നിലവിൽ ഒഴിഞ്ഞു കിടക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇവ അറ്റകുറ്റപണി നടത്തി ഉപയോഗയോഗ്യമാക്കേണ്ടതാണ്. 36ാം നമ്പർ കടമുറിയുടെ വാടക, ഡെപ്പോസിറ്റ് എന്നിവ കാലാനുസൃതമായി പുതുക്കി കടമുറികൾ പുനർലേലം നടത്തേണ്ടതാണ്.

പ്രാദേശിക വികസന പദ്ധതികളുടെ ആസൂത്രണവും നിർവഹണവും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലയാണ്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. സുസ്ഥിര വികസനം നേടിയെടുക്കുന്നതിനായി പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത്

അനിവാര്യമാണ്.

## 1-12 വ്യാവസായിക കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുന്നതിൽ ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റ് അനുമതി ഒഴിവാക്കി നൽകി.

ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23 ൽ വസ്തുനികുതി നിർണ്ണയിച്ച് നമ്പർ നൽകിയ താഴെ പറയുന്ന കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ വ്യാവസായിക കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിക്കുന്നതിൽ ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റ് അനുമതി ഒഴിവാക്കി നൽകിയതായി കണ്ടു.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, വിലാസം | കെട്ടിട വിനിയോഗം |
|---|---|---|---|
| 1 | 11/140 C | എം ആർ സജു, കമലേന്ദു, തോന്നല്ലൂർ,,പന്തളം പി ഒ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ ഒന്നാം നില (359.76ച മീ) |
| | നിലവിലുള്ള കെട്ടിടങ്ങൾ | | |
| 2 | 11/139 | | താഴത്തെ നില (180ച മീ) ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 3 | 11/139 A | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ താഴത്തെ നില (116ച മീ) |
| 4 | 11/140 | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ താഴത്തെ നില (472ച മീ) |
| 5 | 11/140 B | | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ താഴത്തെ നില (254ച മീ) |
| | ആകെ | | 1334.12 M2 |

കെട്ടിടത്തിന്റെ പ്ലാൻ പരിശോധിച്ചതിൽ നിന്നും വ്യവസായ വിനിയോഗത്തിൽ (G1) 974.36 M2 കെട്ടിടം സൈറ്റിലുണ്ട് എന്ന് കാണിച്ചിരുന്നു. ഇതു കൂടാതെ അധികമായി G1- വിഭാഗത്തിൽ ഒന്നാം നിലയിൽ 359.76 M2 കെട്ടിടത്തിന് ഒക്യുപ്പൻസി ലഭിക്കുന്നതിനായിരുന്നു അപേക്ഷ സമർപ്പിക്കപ്പെട്ടത്. ഇപ്രകാരം ആകെ G1 വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ ബിൽറ്റ് അപ്പ് ഏരിയ 1334.12 M2 ആണ് എന്ന് 16.02.2022 ൽ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം -3 പ്രകാരം സൈറ്റിലുള്ള എല്ലാ കെട്ടിടത്തിന്റെയും ആകെ ഏരിയ ചട്ടങ്ങൾക്കായി കണക്കിലെടുക്കണം എന്നു നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 5(4) ക്രമ നം. 12 പ്രകാരം ബിൽറ്റ് അപ്പ് ഏരിയ 1000 M2 ൽ കൂടുതലുള്ള G1 വിനിയോഗത്തിലുള്ള കെട്ടിടത്തിന് തീ പിടുത്തത്തിൽ നിന്നുമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്നുള്ള ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രം ആവശ്യമാണ്.

എന്നാൽ അനുമതി ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷകൻ പത്തനംതിട്ട ജില്ലാ ഫയർ ഓഫീസർക്കു 27.08.2021 ൽ നൽകിയ അപേക്ഷയ്ക്കു മറുപടിയായി (നം.F-3275/2021) നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിനു (First Floor Proposed -359.76ച മീ) ബിൽറ്റ് അപ്പ് ഏരിയ 1000 M2 ൽ താഴെ ആയതിനാൽ അനുമതി ആവശ്യമില്ല എന്നു അറിയിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിട നിർമ്മാണ അപേക്ഷയിൽ തന്നെ (അപ്പന്റിക്സ്-A1 ) നിലവിലുള്ള കെട്ടിടത്തിന്റെ/കെട്ടിടങ്ങളുടെ വിവരവും ആകെ ബിൽറ്റ് അപ്പ് ഏരിയയിൽ കണക്കാക്കുന്നുണ്ട്. ഈ അളവാണ് ചട്ടം - 3 പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വേണ്ടി കണക്കിലെടുക്കുന്നത്. ആകെ ബിൽറ്റ് അപ്പ് ഏരിയ കണക്കാക്കാതെ Proposed Building ന്റെ മാത്രം ഏരിയ കണക്കിലെടുക്കുന്നത് ശരിയായ നടപടിക്രമമല്ല. ഉദാഹരണത്തിനു താഴത്തെ നില/നിലകൾ 999 M2 ബിൽറ്റ് അപ്പ് ഏരിയ വരുന്ന G-1 കെട്ടിടത്തിനു മുകളിൽ 999 M2 കെട്ടിടം നിർമ്മിച്ചാലും ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ കണക്കിൽ അനുമതി ആവശ്യമില്ല എന്ന നിലപാട് കെട്ടിട നിർമ്മാണ ചട്ടങ്ങളെ ലഘൂകരിക്കും എന്നതിനാൽ സർക്കാർ തലത്തിൽ ഈ വിഷയത്തിൽ തുടർനിർദ്ദേശങ്ങളുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ

സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-13 വാണിജ്യ കെട്ടിടങ്ങൾക്കു ഒക്യുപ്പൻസി അനുവദിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും 2022-23 ൽ വസ്തുനികുതി നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, മേൽവിലാസം | കെട്ടിട വിനിയോഗം |
|---|---|---|---|
| 1 | 8/415 A-C | വർഗ്ഗീസ് ജോർജ്ജ്, ഗ്രീൻ വില്ല,ഇലവുംതിട്ട, | സെല്ലാർ (164.88ച മീ) -വാണിജ്യം<br>താഴത്തെ നില (148.64ച മീ)<br>- വാണിജ്യം<br>ഒന്നാം നില (174.72ച മീ)<br>-വാണിജ്യം<br>ആകെ - 488.24 ച.മീ |
| 2 | 8/415 D-L | ബിനു ജോർജ്ജ്, ബിനു ഭവൻ,ഇലവുംതിട്ട | സെല്ലാർ (164.94ച മീ) -വാണിജ്യം<br>താഴത്തെ നില (167.06ച മീ)<br>- വാണിജ്യം<br>ഒന്നാം നില (180.97ച മീ)<br>-വാണിജ്യം<br>ആകെ - 512.97 ച.മീ |

കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം അടുത്തടുത്തു കിടക്കുന്ന പ്ലോട്ടിലാണ് ഇവ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. സൈറ്റ് ഏരിയ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | സർവ്വെ നമ്പർ | പ്ലോട്ട് ഏരിയ |
|---|---|---|---|
| 1 | ബിനു ജോർജ്ജ്, | 260/6-3-4 | 3ആർ 3 ച.മീ |
| 2 | വർഗ്ഗീസ് ജോർജ്ജ് | 260/6-3-3 | 3ആർ 3 ച.മീ |

ശ്രീ ബിനു ജോർജ് എന്നയാൾക്ക് തന്റെ അതിരിനോട് ചേർന്ന് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ വർഗീസ് ജോർജ് 21.08.2019 ൽ അനുമതി നൽകിയിരുന്നു. അതേ പോലെ അടുത്തടുത്തു നിർമ്മിച്ച ഈ രണ്ടു കെട്ടിടങ്ങളുടേയും സെല്ലാർ ഭാഗത്ത് പാർക്കിംഗ് കാണിച്ചിട്ടുമുണ്ട്. എന്നാൽ ഈ പാർക്കിംഗ് സൈറ്റിലേക്ക് പ്രവേശിക്കാനുള്ള വഴി സ്വകാര്യവഴി എന്നാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. ഈ സ്വകാര്യ വഴിയിലൂടെ സഞ്ചരിക്കുന്നതിനുള്ള അവകാശം ഇരു കൂട്ടർക്കും ലഭിച്ചതായി ഫയലിൽ കണ്ടില്ല. അതിനാൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള സെല്ലാർ ഫ്ലോർ പാർക്കിംഗ് പ്രായോഗികമല്ല എന്നു കണ്ടു.

ശ്രീ ബിനു ജോർജിന്റെ കെട്ടിടത്തിനു ഫ്ലോർ ഏരിയ പ്രകാരം 4 കാർ പാർക്കിംഗ് ആവശ്യമാണ്. (319m2/90). ഇതിൽ മൂന്നു പാർക്കിംഗും സെല്ലാർ ഫ്ലോറിലാണ് കാണിച്ചിട്ടുള്ളത്. എന്നാൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഡ്രൈവ് ഏവേ ഏരിയ ഇല്ലാത്തതിനാൽ ഇവിടെ പാർക്കിംഗിനു സാധ്യതയില്ല എന്നു കണ്ടു. മാത്രമല്ല സെല്ലാർ ഫ്ലോർ (164.88 M2) മുഴുവനായി പാർക്കിംഗിനായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഇടഭിത്തികൾ നിർമ്മിച്ച് മറ്റു വാണിജ്യ , സ്റ്റോറേജ് വിനിയോഗമായിട്ടാണ് ഇവ നിലവിൽ ഉപയോഗിക്കുന്നതെന്നും കണ്ടു.

ശ്രീ വർഗ്ഗീസ് ജോർജ്ജ് എന്നയാളുടെ കെട്ടിടത്തിനുള്ള പാർക്കിംഗും സെല്ലാർ ഫ്ലോറിലാണ് കാണിച്ചിട്ടുള്ളത്. പ്രധാന PWD റോഡിൽ നിന്നും ഇവിടേക്കുള്ള പ്രവേശനമാർഗ്ഗവും സ്വകാര്യ വഴിയിലൂടെയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ശ്രീ ബിനു ജോർജിന്റെ കെട്ടിടവും ശ്രീ വർഗീസ് ജോർജ് എന്നയാളുടെ പ്ലോട്ടും തമ്മിൽ മതിൽ നിർമ്മിച്ച് വേർതിരിച്ചിട്ടുണ്ട്.

അതിനാൽ പാർക്കിംഗ് സ്ഥലത്തേക്ക് കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വഴി ലഭ്യമല്ല. സെല്ലാർ ഫ്ലോർ (164.88 M2) മുഴുവനായി പാർക്കിംഗിനായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഇടഭിത്തികൾ നിർമ്മിച്ച് മറ്റു വാണിജ്യ , സ്റ്റോറേജ് വിനിയോഗമായിട്ടാണ് ഇതിൽ പല ഭാഗങ്ങളും നിലവിൽ ഉപയോഗിക്കുന്നതെന്നും കണ്ടു.

പാർക്കിംഗ് ഏരിയ സംബന്ധിച്ച മേൽ അപാകതകൾക്ക് ഓഡിറ്റിനു മറുപടി ലഭ്യമാക്കണമെന്നു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.18/09-08-2023) മറുപടിയായി സ്വകാര്യ വഴിയുടെ ഉടമസ്ഥാവകശ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പാർക്കിംഗ് ഏരിയയിലുള്ള സൈഡുകൾ ഷട്ടറിട്ടു സ്റ്റോറേജ് ഏരിയ ആയി ഉപയോഗിക്കുന്നതായും ആയത് മാറ്റുന്നതിന് ഉടമസ്ഥനായ ശ്രീ ബിനു ജോർജ്ജിനു നിർദ്ദേശം നൽകുമെന്നും ഓഡിറ്റിനു മറുപടി നൽകി. കൂടാതെ ശ്രീ വർഗീസ് ജോർജ്ജിന്റെ പാർക്കിംഗ് ഏരിയയുടെ എൻട്രൻസ് നിലവിൽ ഷട്ടർ ഇട്ടു മറച്ചതിനാൽ ആയത് നീക്കം ചെയ്യുന്നതിനു ഉടമസ്ഥനു നോട്ടീസ് നൽകുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തി രാജ് നിയമം 204ആം - വകുപ്പ് , 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത്. ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്.
1.ഗ്രാമപഞ്ചായത്തിൽ 2022-23വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയില്ല.കരാറുകാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1.സാബു ലാൽ.

2.ബിൻസു ഡാനിയേൽ.

3.സുഭാഷ് കെ.

4.ബിനോയ് വർഗ്ഗീസ്.

5.വിനിത് രാജൻ.

6.സുരേഷ് കുമാർ .പി.ജി.

7.ജയപ്രകാശ് ആർ

8.അരുണൻ പി.എസ്

9.പ്രസന്നകുമാർ

10.സജി മാത്യു

ഇവർ മറേറതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1l. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.201) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഈ റേഷൻകടകളിൽ അവശേഷിക്കുന്ന അഞ്ച് റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും വിവരം കാലികമാക്കി കുടിശ്ശിക സഹിതം നികുതി ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 മരുന്നുവാങ്ങൽ പദ്ധതികൾ ആവശ്യാനുസരണം മരുന്നുകൾ ലഭിക്കുന്നില്ല

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് വിവരം ചുവടെ ചേർക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് നം./പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 36/22-23പി.ഏച്ച്സി.ലേയ്ക്ക് മരുന്നുകളും ഉപകരണങ്ങളുംവാങ്ങൽ | 402509<br>ബിൽ നം.<br>151/27-12-2022 | PRF 3141 | 145306 | 257203 |
| 229-22-23പി.ഏച്ച്സി.ലേയ്ക്ക് മരുന്നുവാങ്ങൽ | 100000<br>ബിൽ നം.<br>152/27-12-2022 | PRF 3140 | 64747 | 35253 |
| 37/22-23സാന്ത്വന പരിചരണം | 49818<br>ബിൽ നം.<br>117/05-12-2022<br>60000<br>ബിൽ നം.<br>116/05-12-2022<br>299998<br>ബിൽ നം.<br>216/02-02-2023 | PRF2272<br>PRF 2274<br>PRF1893 | 14943<br>14873<br>0 | 34875<br>45127<br>299998 |
| | | | ആകെ തുക | 6,72,456 |

മുൻകൂർ നൽകിയ തുകയ്ക്ക് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ- പരേതരുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കാത്തതു മൂലമാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | അനിരുദ്ധൻ.P.K | 104240200836 | വാർദ്ധക്യകാല പെൻഷൻ | 21.3.22 | 20800 | 4/22-4/23 |
| 2 | ശശിധരൻ .K.N. | 104240200723 | വാർദ്ധക്യകാല പെൻഷൻ | 30.04.22 | 19200 | 5/22-4/23 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഏലിയാമ്മ ഐസക്. | 104240200213 | വാർദ്ധക്യകാല പെൻഷൻ | 27.7.22 | 14400 | 8/22-4/23 |
| 4 | ഓമന ബാബു. | 104240600259 | വിധവ പെൻഷൻ | 3.9.22 | 11200 | 10/22-4/23 |
| 5 | ഗോപാല കൃഷ്ണ പിള്ള | 104240100424 | കർഷക തൊഴിലാളിപെൻഷൻ | 18.7.22 | 16000 | 7/22-4/23 |
| 6 | തങ്കച്ചൻ | 104240200045 | വാർദ്ധക്യകാല പെൻഷൻ | 15.2.22 | 9600 | 3/22-8/22 |
| 7 | P.D.സ്കറിയ. | 104240200296 | വാർദ്ധക്യകാല പെൻഷൻ | 2.02.22 | 11200 | 3/22-9/22 |
| 8 | K.K.നാരായണൻ. | 104240200087 | വാർദ്ധക്യകാല പെൻഷൻ | 5.01.22 | 4800 | 2/22-4/22 |
| | | | ആകെ | | 88000 | |

ക്രമ നം. 1മുതൽ 5വരെയുള്ള ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായി തുടരുകയാണ്. ക്രമ നം. 6മുതൽ 8 വരെയുള്ള ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.ആക്ടീവായി തുടരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യേണ്ടതും,സസ്പെൻഡ് ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് മരണ ശേഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും അനർഹമായി കൈപ്പറ്റിയിട്ടുള്ളതുമായ തുകകൾ തിരികെ ലഭിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 MCF, മിനി MCF എന്നിവിടങ്ങളിൽ നിന്നും മാലിന്യം നീക്കുന്നില്ല.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ അഞ്ചു വാർഡുകളിൽ മിനി MCF കൾ സ്ഥാപിക്കുന്നതിനു ₹240905 രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഇത്തരം മിനി എം സി എഫ് കൾ മറ്റു വാർഡുകളിൽ നിർമ്മിക്കുന്നതിനായി 79419 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഇടങ്ങളിൽ സ്ഥാപിക്കപ്പെട്ട മിനി MCF കളിൽ പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞു നിൽക്കുന്നതായി കണ്ടു. അതേ പോലെ ഇലവുംതിട്ട മാർക്കറ്റിനടുത്തുള്ള പ്രധാന മെറ്റീരിയൽ കളക്ഷൻ സെന്ററുകളിൽ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തിട്ടില്ല എന്നും കാണുകയുണ്ടായി.





സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മെഴുവേലി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 01-05-2019 മുതലാണ് ആരംഭിച്ചിട്ടുള്ളത്. 24 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ടോയെന്നു വ്യക്തമല്ല.

യൂസർഫീയായി നാളിതുവരെ 11.39 ലക്ഷം രൂപയാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ വേതനം, ഹരിതകർമ്മസേനയുടെ മറ്റു ചെലവുകൾ എന്നിവക്കായി ഈ തുക മതിയാകുന്നില്ല. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.) മറുപടിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പിരിച്ചെടുക്കുന്ന യൂസർഫീസ് (ഭവനങ്ങളിൽ നിന്നും മാസം 50 രൂപ, കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാസം 100 രൂപ) അപര്യാപ്തമാണ്.

മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം

അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരമുള്ള നടപടികൾ ഹരിത കർമ്മ സേന അറിയിച്ചിട്ടില്ല.

ഹരിത കർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത് വളരെ തുച്ഛമായ തുകയാണ്. കഴിഞ്ഞ ആറു വർഷങ്ങളിലായി വിവിധ പദ്ധതികളിലൂടെ 15.86 ലക്ഷം രൂപ വകയിരുത്തിയപ്പോൾ ചെലവഴിക്കാനായത് 1.58 ലക്ഷം രൂപ മാത്രമാണ്. അതായത് വെറും 10% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പതിനഞ്ചാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 8.1 സി (7) പ്രകാരം ഹരിത കർമ്മ സേനയ്ക്ക് റിവോൾവിംഗ് ഫണ്ട്. ടെക്നോളജി ഫണ്ട്. ഇന്നവേഷൻ ഫണ്ട് എന്നിവ ലഭ്യമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ തൻവർഷം ഇപ്രകാരം തുക കണക്കാക്കി നൽകിയിട്ടില്ല. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 184/2017-18, ഹരിത കർമ്മ സേനയുടെ പ്രാരംഭ ചെലവ് | വികസന ഫണ്ട് - 501275 | 0 |
| 2018-19 | 202/2018-19, ഹരിത കർമ്മ സേനയുടെ പ്രാരംഭ ചെലവ് | വികസന ഫണ്ട് - 501275 | 46500 |
| 2019-20 | 84/2019-20, രിത കർമ്മ സേനയുടെ പ്രാരംഭ ചെലവ്. | വികസന ഫണ്ട് - 64066 | 36116 |
| 2020-21 | 200/2020-21, ഹരിത കർമ്മസേനാംഗങ്ങൾക്ക് മാസ്കും സാനിറ്റൈസറും | വികസന ഫണ്ട് - 10000<br>മറ്റുള്ളവ – 25000 | വികസന ഫണ്ട് - 3435<br>മറ്റുള്ളവ – 25000 |
| | 246/2020-21, ഹരിത കർമ്മ സേനയ്ക്കു വാഹന വാടക | തനതു ഫണ്ട് - 10000 | 0 |
| | 62/2020-21, വയബലിറ്റി ഗ്യാപ് ഫണ്ട് | വികസന ഫണ്ട് - 50000 | 0 |
| 2021-22 | 117/2021-22, ഹരിത കർമ്മ സേനയ്ക്കു വാഹനം വാങ്ങൽ | മറ്റുള്ളവ -350000 | 0 |
| 2022-23 | 29/2022-23, ഹരിത കർമ്മ സേനയ്ക്കു വാഹന വാടക. | തനതു ഫണ്ട് - 25000 | 24975 |
| | 23/2022-23, ഹരിത കർമ്മ സേനാംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 25000 | 22471 |
| | 30/2022-23, ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകൽ | തനതു ഫണ്ട് - 25000 | 0 |
| ആകെ | | 1586616 | 158497 |

വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുനഃരുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു എന്നതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും കൃത്യമായ ഇടവേളകളിൽ സാധിക്കുന്നില്ല എന്ന് കാണുന്നു. ക്ലീൻ കേരള കമ്പനിയുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിരുന്നെങ്കിലും ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യം നീക്കം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/09.08.2023) മറുപടിയായി ക്ലീൻ കേരള കമ്പനി ഭക്ഷണ പദാർത്ഥങ്ങൾ (ബിസ്കറ്റ്, ചോക്കലേറ്റ്, സ്നാക്ക്സ്) പൊതിയാനുപയോഗിക്കുന്ന മൾട്ടി ലെയേർഡ് പ്ലാസ്റ്റിക്കുകൾ (MLP) എന്നിവ കൊണ്ടു പോകാതെ MCF കളിൽ തന്നെ തിരിച്ചിടുകയാണ് എന്ന് പഞ്ചായത്ത് അധികൃതർ മറുപടി നൽകി. ഈ വിഷയത്തിൽ

വകുപ്പ് തലത്തിൽ പരിഹാരം കാണണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഈ വിഷയത്തിനു മുൻഗണന നൽകണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-18 സമഗ്ര കോളനി വികസനം പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലെ കോളനികളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് 12 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ 7 ലക്ഷം രൂപയുടെ പദ്ധതികൾ മാത്രം നടപ്പാക്കുകയും അവശേഷിക്കുന്ന പ്രവൃത്തികൾ ഉപേക്ഷിക്കുകയും ചെയ്തതായി കണ്ടു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | SO 239/2021-22, SO 58/2022-23, സമഗ്ര കോളനി വികസനം |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (SCP) – 1225926 |
| തുക ചെലവഴിച്ചത് | 2021-22 വികസന ഫണ്ട് (SCP) - 274074<br>2022-23വികസന ഫണ്ട് (SCP) – 524270<br>ആകെ - 798344 |
| എഗ്രിമെന്റ് നമ്പർ | 68/AE/LSGD/MGP; 01-02-2022<br>71/AE/LSGD/MGP; 17-03-2022 |
| കരാറുകാരൻ | ജിജി വർഗീസ്, ചമ്പാലേത്ത്, ഊന്നുകൽ |

2021-22 ൽ വികസന ഫണ്ട് (SCP) ൽ 15 ലക്ഷം രൂപയാണ് കോളനി വികസനത്തിനായി വകയിരുത്തിയിരുന്നത്. ഇതിൽ റോഡ് കോൺക്രീറ്റ് , നടപ്പാത കോൺക്രീറ്റ്, സംരക്ഷണ ഭിത്തി, ഓട നിർമ്മാണം എന്നിവയ്ക്കായി 3.75 ലക്ഷം രൂപയായിരുന്നു വകയിരുത്തിയിരുന്നത്. താളത്തായി കോളനി (വാർഡ്-6), കുറവംപ്ലാക്കൽ കോളനി (വാർഡ് -8), പറപ്പാട്ട് കോളനി (വാർഡ് -4) എന്നിവിടങ്ങളിലായിരുന്നു മരാമത്ത് പ്രവൃത്തികൾ നടത്താൻ നിശ്ചയിച്ചിരുന്നത്. തുടർന്ന് എസ്റ്റിമേറ്റിലെ DR റീട്ടെയ്നിംഗ് വാൾ എന്നയിനം ഒഴിവാക്കി കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് 09/2022 ൽ പുതുക്കി അംഗീകാരം ലഭ്യമാക്കിയിരുന്നു. എന്നാൽ പദ്ധതിയുടെ മെഷർമെന്റ് ബുക്ക് പരിശോധിച്ചതിൽ നിന്നും വാർഡ് 4 ലെ പറപ്പാട്ട് കോളനിയിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല എന്നു കണ്ടു. കരാറുകാരൻ 13.37 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആണ് നിർവ്വഹിക്കേണ്ടിയിരുന്നത്. എന്നാൽ രണ്ടു പാർട്ട് ബില്ലുകളിലായി ആകെ 706673 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ നടപ്പാക്കിയത്.

പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതെന്നതിനു വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/09.08.2023) മറുപടിയായി വാർഡ് 4, പറപ്പാട്ട് കോളനിയിൽ 62 M നീളത്തിൽ CC റീട്ടെയിനിംഗ് വാൾ നിർമ്മിക്കുന്നതിനും തുടർന്ന് 90 M നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ മതിൽ നിർമ്മിക്കുന്നതിന് തൊട്ടടുത്തുള്ള ഉടമ എതിർപ്പ് അറിയിച്ചതായും ഇക്കാരണത്താൽ പദ്ധതി മുടങ്ങി എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ഈ മതിൽ നിർമ്മിച്ചാൽ മാത്രമെ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനു സാധിക്കുകയുള്ളൂ എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഭരണ സമിതി തലത്തിൽ ഈ വിഷയത്തിൽ തുടർ ചർച്ചകൾ നടത്തി ഉചിതമായ നടപടികൾ കൈക്കൊണ്ട് കോളനി വികസനം യാഥാർത്ഥ്യമാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-19 ക്രിമറ്റോറിയം നിർമ്മാണം ആരംഭിക്കാനായില്ല. 11 ലക്ഷം രൂപ പാഴ് ചെലവായി.

2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ നെതേലിമൂട് എന്നയിടത്തെ ഒരേക്കർ സ്ഥലത്ത് (സർവ്വെ നമ്പർ 7/2-1-1) ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനു റെയ്ഡ്കോ,കണ്ണൂർ എന്ന നിർവ്വഹണ ഏജൻസിയ്ക്കു 11 ലക്ഷം രൂപ കൈമാറിയിരുന്നു. അടിസ്ഥാന സൗകര്യം തയ്യാറാക്കാതെ 11 ലക്ഷം നൽകിയതിലെ അപാകതകൾ 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 ൽ പരാമർശിച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിൽ നാളിതു വരെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും യാതൊരു നടപടികളും ഇല്ലാത്തതിനാൽ റെയ്ഡ്കോയ്ക്ക് നൽകിയ 11 ലക്ഷം രൂപ പാഴ്ചെലവായി.

1. പദ്ധതിയ്ക്കായി കണ്ടെത്തിയ ഒരേക്കർ സർക്കാർ ഭൂമി റവന്യൂ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിനു കൈമാറി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ രേഖകളും ആസ്തി രജിസ്റ്ററിൽ ഈ സ്ഥലം ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങളും ഹാജരാക്കണമെന്നും ഓഡിറ്റ് എൻക്വയറി (നം.24/11.08.2023) മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല. അതിനാൽ പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലം ഗ്രാമപഞ്ചായത്തിനു അവകാശപ്പെട്ടതല്ല എന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2. 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനു ജില്ലാ കളക്ടറിൽ നിന്നുമുള്ള അനുമതിപത്രം വേണ്ടതാണ്. നിലവിൽ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയില്ല.

3. റെയ്ഡ്കോയുമായി 24.08.2020 ൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ പ്രകാരം ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം, 7Kw ത്രീ ഫേസ് കണക്ഷൻ, കുടിവെള്ള സംവിധാനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ചാൽ ആറുമാസത്തിനകം ക്രിമറ്റോറിയം സ്ഥാപിക്കും എന്നതായിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2021-22, 2022-23, 2023-24 ൽ യാതൊരു പദ്ധതിയും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയതായി കണ്ടില്ല. ഇക്കാരണങ്ങളാൽ ക്രിമറ്റോറിയം നിർമ്മാണം ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. അതിനാൽ തന്നെ റെയ്ഡ്കോയുമായി ഏർപ്പെട്ട കരാർ പാലിക്കാൻ ഗ്രാമപഞ്ചായത്തിനു കഴിയാതെ വന്നിട്ടുണ്ട്.

4. ഗ്യാസ് ക്രിമറ്റോറിയത്തിനായി കണ്ടെത്തിയ സ്ഥലത്തേക്കുള്ള വഴി 3 M ൽ കുറവാണ് എന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. അനുയോജ്യമായ വഴി ഇല്ലാത്ത പക്ഷം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാൻ കഴിയാതെ വരികയും മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളുടെ അംഗീകാരം ക്രിമറ്റോറിയത്തിനോ കെട്ടിടത്തിനോ ലഭ്യമാകുന്നതിന് തടസ്സമാകുകയും ചെയ്യും ഇക്കാരണങ്ങൾ പരിശോധിക്കാതെയോ പരിഹരിക്കുകയോ ചെയ്യാതെയാണ് 11 ലക്ഷം രൂപ കൈമാറിയിരുന്നത്. നിലവിലും റോഡിന്റെ അവസ്ഥ 3 M ൽ താഴെയുള്ള വീതി മാത്രമാണെന്ന് ഓഡിറ്റ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

11 ലക്ഷം രൂപ കൈമാറിയിട്ട് 3 വർഷത്തിനിപ്പുറവും യാതൊരു തുടർനടപടികളും സ്വീകരിക്കാൻ ഭരണസമിതിയ്ക്കു കഴിയാത്തതിനാൽ റെയ്ഡ്കോയ്ക്ക് നൽകിയ 11 ലക്ഷം രൂപ തിരികെ ഈടാക്കി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-20 സ്കോളർഷിപ്പ് പദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് (നം.105/2023 - പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്) പ്രകാരം 600000രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.സർക്കാർ നിർദ്ദേശിച്ച നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല

പഠിക്കുന്ന കോഴ്സ് സംബന്ധിച്ച് അപേക്ഷകർ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളും പഞ്ചായത്തിൽനിന്ന് നൽകിയ സ്കോളർഷിപ്പ് തുകകളും പരിശോധിച്ചതിൽ, സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.115/2022തീയതി 28.05.2022] ഖണ്ഡിക നം.7.2.4ൽ പറഞ്ഞിട്ടുള്ള നിരക്കിൽ കുറവായിട്ടാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പഠിതാവിന്റെ പര് | പഠിക്കുന്ന കോഴ്സ് | അനുവദനീയമായ സ്കോളർഷിപ്പ് | അനുവദിച്ചത് |
|---|---|---|---|---|
| 1. | നന്ദു സുരേഷ് | MBA | 30000 | 20000 |
| 2. | അഭിഷേക് | ITI | 20000 | 15000 |
| 3. | നയന അനിൽ | ITI | 20000 | 15000 |
| 4. | സംഗീത എസ് | BCA | 20000 | 15000 |
| 5. | ആതിര കുഞ്ഞുമോൻ | B TECH | 25000 | 15000 |
| 6. | ദേവിക ജയിൻ | BBA | 20000 | 15000 |
| 7. | പാർവ്വതി | DMLT | 15000 | 5000 |
| 8. | നന്ദന | ANM | 15000 | 10000 |

2.കോഴ്സിന്റെ അംഗീകാരം സംബന്ധിച്ച രേഖകളില്ല

ആനുകൂല്യം കൈപ്പറ്റിയ അഖില എ.വി, സ്വാതി സന്തോഷ് എന്നിവർ FLY WINGS പത്തനംതിട്ട എന്ന സ്ഥാപനത്തിൽ പഠിച്ചതിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഇതിൽ സ്ഥാപനത്തിന്റെയോ സ്ഥാപന മേലധികാരിയുടെയോ സീൽ പതിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനം നടത്തുന്ന കോഴ്സ് സർക്കാർ അംഗീകാരമുള്ളതാണോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകളില്ല.

3.ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്നും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്നും സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്)

നം.115/2022തീയതി 28.05.2022] ഖണ്ഡിക നം.7.2.4ൽ നിഷ്കർഷിക്കുന്നു. എന്നാൽ സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും പേരുവിവരം ഗ്രാമപ്പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി മുഖേന (11/08.08.2023) നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തി. മതിയായ ഫണ്ടില്ലാതിരുന്നതിനാലും അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലും സ്കോളർഷിപ്പ് തുക കുറയ്ക്കേണ്ടിവന്നെന്നും, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നതാണെന്നും, ഫ്ലൈ വിംഗ്സ് എന്ന സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കുന്നതാണെന്നും ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കി.

ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി വകയിരുത്താൻ എസ്.സി.പി ഫണ്ട് ലഭ്യമായിരുന്നിട്ടും അപ്രകാരം ചെയ്യാതിരുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. അർഹരായവർക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിലുള്ള സ്കോളർഷിപ്പ് നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ, ആനുകൂല്യം നൽകുന്നതിനു മുൻപായി വിദ്യാഭ്യാസ സ്ഥാപനത്തിനും കോഴ്സിനും സർക്കാർ അംഗീകാരമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ലാപ്ടോപ്പ് വിതരണം - ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 25 വിദ്യാർത്ഥികൾക്ക് പ്രോജക്ട് നം. 242/2023 പ്രകാരം ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിലെ മുഴുവൻ പേരെയും തുടർന്നു നടന്ന ഗ്രാമസഭകൾ അംഗീകരിച്ചിട്ടില്ല. എട്ട് വിദ്യാർത്ഥികൾക്കാണ് ഇനിയും ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാനുള്ളത്. 03.02.2023ലെ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 1(12) -ാം നമ്പർ തീരുമാനപ്രകാരമായിരുന്നു ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. ലാപ്ടോപ്പുകൾക്കായി 782500 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്) നം.115/2022തീയതി 28.05.2022] ഖണ്ഡിക നം.7.2.4ൽ നിഷ്കർഷിക്കുന്നു. ഗ്രാമസഭയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | വാർഡ് നം |
|---|---|
| ഭാഗ്യ | VII |
| അനന്തു പ്രേം | VII |
| അമൽ | VIII |
| അശ്വതി മധു | VIII |
| ധന്യ | VI |
| അക്ഷര | IX |
| രേവതി | IX |
| വൈശാഖ് അരവിന്ദ് | II |

ഈ വിഷയം ഓഡിറ്റ് എൻക്വയറി മുഖേന (09/08.08.2023) നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തി. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ പേരുവിവരം അതത് വാർഡുകളിലെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതാണെന്ന് ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കി. പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനു മുഖ്യ പങ്കുണ്ട്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 എസ്.എസ്.കെയ്ക്ക് നൽകിയത് 41.77ലക്ഷം ; ക്ലാസ്സ് നടക്കുന്നത് സ്റ്റേജിൽ

സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കായി 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിൽമാത്രം 41.77 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകൾ പ്രകാരം എസ്.എസ്.കെയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നാല് സ്കൂളുകളിലും അവശ്യം വേണ്ട അടിസ്ഥാന സൌകര്യങ്ങൾ പോലുമില്ല. ആവശ്യത്തിനു ക്ലാസ്സ് മുറികളില്ലാത്തതിനാൽ മെഴുവേലി ഗവ.മോഡൽ എൽപിഎസിൽ കുട്ടികളെ പഠിപ്പിക്കുന്നത് സ്കൂളിലെ സ്റ്റേജിൽ ഇരുത്തിയാണ്. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ തെരുവുനായ ശല്യം കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. ടോയ്ലറ്റ് സൌകര്യം, ഫർണിച്ചർ, ഡൈനിംഗ് ഹാൾ, കസേര എന്നിവയുടെ കുറവുണ്ട്. കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പ്രോജക്ട് ആവശ്യമാണെന്നും സ്കൂൾ പ്രഥമാദ്ധ്യാപകർ ഓഡിറ്റിനെ അറിയിച്ചു.



സ്റ്റേജിൽ ക്ലാസ്സ് മുറി ഒരുക്കിയിരിക്കുന്നു

എസ്.എസ്.കെയ്ക്ക് തുക കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പഞ്ചായത്ത് നൽകിയ തുക |
|---|---|
| 2017-18 | 400000 |
| 2018-19 | 1477572 |
| 2019-20 | 800000 |
| 2020-21 | 500000 |
| 2021-22 | 600000 |
| 2022-23 | 400000 |
| ആകെ | 4177572 |

സമഗ്ര ശിക്ഷാ കേരളം പദ്ധതി സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.6 ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, കൂടാതെ, പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർ തദ്ദേശ സ്ഥാപനത്തെ അറിയിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളിൽ 2022-23വർഷത്തേക്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്.എസ്.കെ. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. കൂടാതെ നൽകിയ തുക വിനിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. നൽകിയിട്ടില്ല. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് പഞ്ചായത്ത് തല മോണിറ്ററിംഗും നടന്നിട്ടില്ല.

സമഗ്ര ശിക്ഷാ കേരളം പദ്ധതി, സർക്കാർ നിർദ്ദേശ പ്രകാരം നടപ്പിലാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ ചുവടെ പറയും പ്രകാരം അടിസ്ഥാന സൌകര്യങ്ങളുടെ കുറവുണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ |
|---|---|---|
| 1 | എസ്എംഎസ്ജിയുപിഎസ്, ചന്ദനക്കുന്ന് | ബെഞ്ച്, ഡെസ്ക്, മേശ, കസേര, ഷെൽഫ് എന്നിവ വേണം. പാചകം ചെയ്യാനും കഴിക്കാനും പാത്രങ്ങൾ ആവശ്യമാണ്. പ്രഭാത ഭക്ഷണത്തിന് പ്രോജക്ട് വേണം. |
| 2 | ഗവ.എസ്എൻവിഎൽപിഎസ്, ഉള്ളന്നൂർ | ചുറ്റുമതിൽ പൂർണ്ണമല്ല. വാട്ടർ ടാങ്ക് ഇല്ല. ഡൈനിംഗ് ഹാൾ ഇല്ല. എല്ലാ കെട്ടിട ഭാഗങ്ങളിലും വൈദ്യുത കണക്ഷൻ ഇല്ല. ബെഞ്ച്, ഡെസ്ക്, അലമാര, ഷെൽഫ് എന്നിവ വേണം. പ്രഭാത ഭക്ഷണത്തിന് പ്രോജക്ട് |

| | | |
|---|---|---|
| | | വേണം. |
| 3 | ഗവ.മോഡൽ എൽപിഎസ്, മെഴുവേലി | ആവശ്യത്തിന് ക്ലാസ്സ് മുറികളില്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ടോയ്‌ലെറ്റ് സൌകര്യം അപര്യാപ്തം. ഉച്ചഭക്ഷണ പരിപാടിക്ക് മതിയായ ഭൌതിക സൌകര്യം ഇല്ല. മാലിന്യ നിർമ്മാർജ്ജന സൌകര്യങ്ങളില്ല. ഫിറ്റ്നസ് ലഭിക്കാത്ത ഒരു കെട്ടിടമുണ്ട്. |
| 4 | ഗവ.ജി.വി എൽ.പി.എസ്, മെഴുവേലി | ചുറ്റുമതിൽ പൂർണ്ണമല്ല. എല്ലാ കെട്ടിട ഭാഗങ്ങളിലും വൈദ്യുത കണക്ഷൻ ഇല്ല. അടുക്കള ഇല്ല. അലമാര ആവശ്യമാണ്. പ്രഭാത ഭക്ഷണത്തിന് പ്രോജക്ട് വേണം. |

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ, കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ, കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പാക്കുന്നതിനുതകുന്ന പഠന, പഠനേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. ഇതു സംബന്ധിച്ച മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.6 ൽ ഇപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

1. ഗ്രാമപ്പഞ്ചായത്തിലെ എൽപിസ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി അടുക്കള, സംഭരണമുറി എന്നിവ നിർമ്മിക്കാവുന്നതാണ്.
2. എല്ലാ സ്കൂളുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.
3. സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.
4. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-23 ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് കണക്കിൽ ഉൾപ്പെട്ടില്ല

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് (നം230/2023)- " വനിതകൾക്ക് ആട് വളർത്തൽ എസ്.സി.പി " പദ്ധതിയിൽ പതിനാറ് ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വികസനഫണ്ട് (എസ്.സിപി.) 192000രൂപയും, ഗുണഭോക്തൃവിഹിതം ഇനത്തിൽ പതിനാറ് പേരിൽനിന്ന് പിരിച്ചെടുത്ത 64000രൂപയും (16x4000) ഉൾപ്പെടെ 256000രൂപയാണ് ആകെ ചെലവ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 40000രൂപയാണ് ഗുണഭോക്തൃവിഹിതമായി ചെലവ് നടത്തിയിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ച 24000രൂപയുടെ ചെലവ് വിവരം സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇതിന്റെ കാരണം വിശദീകരിക്കണമെന്ന് ഓഡിറ്റ് എൻക്വയറി (04/07.08.23) മുഖേന വെറ്ററിനറി സർജനോട് നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിംഗ് നടപടിയിലുണ്ടായ പിഴവ് ക്രമീകരിക്കേണ്ടതാണ്.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിച്ച തുക തിരിച്ചടച്ചില്ല

കന്നുകുട്ടികൾക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിക്കപ്പെട്ട " പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി" പ്രകാരം 2019-20, 2020-21സാമ്പത്തിക വർഷങ്ങളിൽ ചുവടെ പറയും പ്രകാരമുള്ള തുകകൾ ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം | തുക |
|---|---|
| 58/2020 | 175000 |
| 36/2021 | 162500 |

കന്നുകുട്ടികൾ മരണപ്പെട്ടു പോയിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി തുക പൂർണ്ണമായും കൈമാറിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും നൽകിയ തുക പൂർണ്ണമായും ചെലവായിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മിച്ചമുള്ളത് 23475 രൂപയാണെന്ന് വ്യക്തിഗത ലഡ്ജർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു.

കൃത്യമായ മോണിറ്ററിംഗ് നടക്കാത്തതിനാൽ ഇത്രയും തുക പ്രോജക്ട് ഓഫീസറുടെ അക്കൌണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. വികസനഫണ്ടിനത്തിലുള്ള ടി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല

ഹോമിയോ ഡിസ്പെൻസറിയിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് നം 35/2023 പ്രകാരം 50000 രൂപ ഹോംകോയിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഡിസ്പെൻസറിയിലെത്തുന്ന രോഗികൾക്ക് ഫലപ്രദമായ ചികിത്സ ഉറപ്പുവരുത്തുന്നതിന് മരുന്നുകൾ അത്യന്താപേക്ഷിതമാണ്. അതിനാൽ മരുന്നുകൾ എത്രയും വേഗം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-26 പരേതനും കർഷക പെൻഷൻ

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താവിന്റെ കർഷക പെൻഷൻ അക്കൗണ്ട് ഇപ്പോഴും സസ്പെൻഡ് ചെയ്തിട്ടില്ല. ബന്ധപ്പെട്ട കൃഷി ഓഫീസ് മുഖേന പ്രതിമാസം 1600 രൂപ നിരക്കിൽ ബാങ്ക് മുഖേനയാണ് കർഷക പെൻഷൻ നൽകുന്നത്. പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തത് മൂലം നാളിതുവരെയുള്ള പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ ഇടയായിട്ടുണ്ട്. ഇപ്പോഴും കർഷക പെൻഷൻ അക്കൗണ്ട് ആക്ടീവ് ആയി നിലനിൽക്കുകയാണ്.

| | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | K.K.തോമസ്. | 2220049267 | അഗ്രിക്കൾച്ചർ പെൻഷൻ | 15.12.21 | 6400 | 1/22-4/23 (ബാങ്ക്) |

അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനും ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിവരം യഥാസമയം കൃഷി ഓഫീസിനെ അറിയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു വരുമാനം | തുക | തനതു ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 4142033 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10) | 11111429 |
| വാടക (I-3) | 2053736 | ഭരണപരമായ ചെലവുകൾ (I-11) | 1379523 |
| ഫീസുകളും യൂസർ ചാർജ്ജും (I-4) | 1727310 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12) | 1207243 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5) | 91939 | | |
| പലിശ (I-8) | 0 | | |
| മറ്റു വരുമാനം (I-9) | 1414 | | |
| വരവിൽ കവിഞ്ഞ ചെലവ് | 5681763 | | |
| ആകെ | 13698195 | ആകെ | 13698195 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല.തനതു വരുമാനം അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക

ചെലവഴിക്കുന്നതെന്നും,വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-28 അഗതി രഹിത കേരളം പദ്ധതി - വികസനഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

അഗതി രഹിത കേരളം പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും പൊതു വിഭാഗം, എസ്സ് സി പി പ്രോജക്ടുകളിലായി തൻവർഷം 200000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ (SBI 37692408767)നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

അഗതി രഹിത കേരളം പ്രോജക്ടിന് അംഗീകാരം ലഭിച്ചത് 31.05.2019 തീയതിയിലാണ്. നാളിതുവരെ വികസന ഫണ്ടിൽ നിന്നും പ്രോജക്ട് നടത്തിപ്പിനായി 1750000രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ 2019-20 വർഷം വീട് അറ്റകുറ്റപ്പണികൾക്കായി വിനിയോഗിച്ച 75000 രൂപ മാത്രമാണ് വികസനഫണ്ടിൽ നിന്നും പ്രോജക്ടിനായി ചെലവഴിച്ചത്. വികസനഫണ്ടിൽ നിന്നും പിൻവലിച്ച 1675000 രൂപ സി ഡി എസിന്റെ അക്കൗണ്ടിൽ ബാലൻസുണ്ട്. 60 പേരാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കളായുള്ളത്. പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി ഭക്ഷണ വിതരണം മാത്രമാണ് നിലവിൽ നടക്കുന്നത്. അഗതിരഹിത കേരളം പദ്ധതിയുടെ വിലയിരുത്തൽ സമിതിയിലും പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ഒരു വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന ഫണ്ട് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. സിഡിഎസ് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-29 സുഗന്ധവിള കൃഷി - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നല്കി

മഞ്ഞൾ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് (നം.233/2023- സുഗന്ധവിള കൃഷി മഞ്ഞൾ, ഇഞ്ചി) പ്രകാരം വികസനഫണ്ടിൽനിന്ന് 241500 രൂപയും തനതുഫണ്ടിൽനിന്ന് 198500രൂപയും (ആകെ 440000 രൂപ) ചെലവഴിച്ച് 11000 കിലോ ഗ്രാം നടീൽ വസ്തുക്കൾ VFPCKയിൽനിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച 478 ഗുണഭോക്താക്കളുടെ പേരുവിവരം ഗ്രാമപഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകി (20/10.08.2023). 19.06.2023ലെ ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 1(7)-ാം നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ടെന്നും, തുടർന്നുള്ള ഗ്രാമസഭകളിൽ ഇത് അംഗീകരിച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ ഗ്രാമസഭാ മിനിട്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-30 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് നം.160/23;

കാവുംപടി വൈഎംസിഎ റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ.

ചെലവഴിച്ച തുക- 118118 രൂപ

27/01/23 ൽ കെഎസ്ഇബിയിൽ തുക നിക്ഷേപിക്കുകയും, വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി 15/02/23 ൽ കത്ത് നൽകുകയും ചെയ്തെങ്കിലും വിനിയോഗ സർട്ടിഫിക്കറ്റ് നാളിതുവരെയും ലഭിച്ചിട്ടില്ല. മുൻകൂർ നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. പ്രോജക്ട് നമ്പർ 162/23;

തിരുവാഭരണ പാത എൽഇഡി സ്ഥാപിക്കൽ.

യുണൈറ്റഡ് ഇലക്ട്രിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 999733/- രൂപയ്ക്ക് 100 എൽഇഡി ബൾബുകളും, 195 റിട്രോഫിറ്റ് ബൾബുകളും അടക്കം വാങ്ങിയിട്ടുണ്ട്. തിരുവാഭരണപാത പഞ്ചായത്ത് പ്രദേശത്ത് ഏകദേശം 4.5കി.മീറ്റർ ദൂരത്തിൽ കടന്നു പോകുന്നുണ്ടെന്നും, പ്രസ്തുത പാതയിൽ മുന്നൂറോളം പോസ്റ്റുകളുണ്ടെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ

ഇതു സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കലില്ല.

3. പ്രോജക്ട് നമ്പർ 90/23 -തെരുവിളക്കുകളുടെ പരിപാലനം.

ചെലവ് തുക 150000. 540എൽഇഡി ലൈറ്റുകൾ വാങ്ങിയിട്ടുണ്ടെന്നും, ഇവയിൽ 440 എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ കേടായ തെരുവുവിളക്കുകളുടെ എണ്ണം, അവ മാറ്റി സ്ഥാപിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയില്ല.

## 1-31 കളി ഉപകരണങ്ങൾ വാങ്ങൽ - അധികം തുക നൽകി

ഐസിഡിഎസ് സൂപ്പർ വൈസർ നിർവഹണം നടത്തിയ " അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ " ( നം.164/2023) എന്ന പ്രോജക്ട് പ്രകാരം 50600 രൂപ ചെലവഴിച്ച് ഫോർ കിഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കളി ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫോർ കിഡ്സ് എന്ന സ്ഥാപനത്തിന് ഒരു യൂണിറ്റിന് ₹1625 എന്ന നിരക്കിലാണ് ക്വേട്ടേഷൻ അംഗീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ളത്. എന്നാൽ ഒരു യൂണിറ്റിന് 1675/- രൂപാ നിരക്കിൽ ആണ് തുക നൽകിയിട്ടുള്ളത്. 1625x22=35750/- നൽകുന്നതിനു പകരം 1675x22=36850രൂപ നൽകി. അധികമായി 1100രൂപ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. അധികം നൽകിയ തുക നൽകിയതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിന് (23/11.08.2023). സ്ഥാപനത്തിൽനിന്ന് തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം ചെലവഴിച്ച ₹1100 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം വിവിധ ഏജൻസികളിലായി വർഷങ്ങളായി നിക്ഷേപിച്ചിട്ടുള്ള തുകകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|
| 1 | KSEB | 678,794 |
| 2 | GWD | 800,000 |
| 3 | PWD | 761,750 |
| 4 | Water Authority | 5,803,145 |

പൂർത്തീകരിച്ച പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കുകളിലെ തുകകൾ ക്രമപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിന് കരാർ പ്രകാരമുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 299998 | 37/2023 - പാലിയേറ്റീവ് കെയർ | 299998 | 0 |
| ജില്ലാപഞ്ചായത്ത് | 77800 | 104/2023 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 77800 | 0 |
| ജില്ലാപഞ്ചായത്ത് | 325207 | 33/2023 - അനുപൂരക പോഷകാഹാരം | 325207 | 0 |
| ജില്ലാപഞ്ചായത്ത് | 1080000 | 112/2023 - ലൈഫ് ഭവന പദ്ധതി -എസ്.സി.പി | 1080000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 104/2023 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 299119 | 33/2023 - അനുപൂരക പോഷകാഹാരം | 299119 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 66600 | 71/2013 - ലൈഫ് ഭവന പദ്ധതി - ജനറൽ | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 330000 | 109/2023 - ലൈഫ് ഭവന പദ്ധതി -എസ്.സി.പി | 330000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1100000 | 247/2023 - ലൈഫ് ഭവന പദ്ധതി -എസ്.സി.പി | 1100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 32160 | 234/2023 – അങ്കണവാടി ശിശു സൌഹൃദമാക്കൽ | 32160 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 160/2023- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 97067 | 0 | 97067 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 6044116 | 2370716 | 2573400 | 1188267 | 3755849 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 | 2013-14 | 5-3-6 | മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 3-11 | 2013-14 | 5-10 | ആട് ഗ്രാമം പദ്ധതി - തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| 2019-20 | 1-18 | 2020-21 | 1.4.1 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - മൂന്ന് വർഷം കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46278090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37139128 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1100 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 1100 | ഐസിഡിഎസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, മെഴുവേലി ഗ്രാമപഞ്ചായത്ത് | മേടവിളാകം പുരയിടം, കരിങ്കുളം, പുതിയതുറ P.O, തിരുവനന്തപുരം Pin:695526 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റിഎ-പി2/322/98 തീയതി 14.10.99/11.1.2000 | 1 |
| 1999-00 | എൽ.എഫ്.പിറ്റിഎ-പി2/864/01 തീയതി 2.2.2001 | 17 |
| 2000-01 | എൽ.എഫ്.പിറ്റിഎ-പി2/230/02 തീയതി 11.10.2002 | 4 |
| 2001-02 | എൽ.എഫ്.പിറ്റിഎ-പി3/222/05 തീയതി 11.8.2005 | 1 |
| 2002-03 | എൽ.എഫ്.പിറ്റിഎ-പി3/537/06 തീയതി 15.9.2006 | 2 |
| 2004-05 | എൽ.എഫ്.പിറ്റിഎ-പി5/365/10 തീയതി 2.6.2011 | 11 |
| 2005-06 | എൽ.എഫ്.പിറ്റിഎ-പി5/939/11 തീയതി 20.12.2011 | 5 |
| 2006-07 | എൽ.എഫ്.പിറ്റിഎ-പി5/940/11 തീയതി 19.12.2011 | 2 |
| 2007-08 | എൽ.എഫ്.പിറ്റിഎ-പി5/380/12 തീയതി 26.5.2012 | 4 |
| 2008-09 | എൽ.എഫ്.പിറ്റിഎ-പി5/381/12 തീയതി 26.5.2012 | 2 |
| 2009-10 | എൽ.എഫ്.പിറ്റിഎ-പി5/382/12 തീയതി 26.5.2012 | 5 |
| 2010-11 | എൽ.എഫ്.പിറ്റിഎ-പി5/383/12 തീയതി 26.5.2012 | 3 |
| 2011-12 | എൽ.എഫ്.പിറ്റിഎ-പി11/210/14 തീയതി 11.8.2014 | 10 |
| 2012-13 | എൽ.എഫ്.പിറ്റിഎ-പി11/1062/14 തീയതി 5.11.2014 | 16 |
| 2013-14 & 2014-15 | കെ.എസ്.എ.പിറ്റിഎ-പി11/26/13 തീയതി 23.3.2016 | 18 |
| 2015-16 | കെ.എസ്.എ.പിറ്റിഎ-പി11/1204/16 തീയതി 17.11.2016 | 8 |
| 2016-17 | കെ.എസ്.എ.പിറ്റിഎ-പി11/895/17 തീയതി 27.7.2017 | 11 |
| 2017-18 | കെ.എസ്.എ.പിറ്റിഎ-പി11/1404/18 തീയതി 16.10.2018 | 13 |
| 2018-19 | കെ.എസ്.എ.പിറ്റിഎ-പി11/589/19 തീയതി 25.7.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ-പി11/265/21 തീയതി 9.4.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ-പി11/636/22 തീയതി 29.6.2022 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.പിറ്റിഎ-പി11/1242/22 തീയതി 12.12.2022 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the MEZHUVELY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of MEZHUVELY Grama Panchayat for the year 2022-2023

Date: 19/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of MEZHUVELY Grama Panchayat for the Year 2022-2023.

**1.Major Observations**

1. Discrepencies in carrying forward of closing balance of assets.

**2.Other Observations**

1. The mandatory financial statements such as notes on accounts and ratios prescribed in accounting rules are not submitted for audit.
2.Total cash flow is not reconciled with the difference between opening balance and closing balance mentioned in the cash flow statement.

3. Bank reconcillation statement not prepared for Central Finance Commission Grant, TSB Joint Venture , Drought Relief and Canara Bank Own Fund Account.

4.Expenditure booked in wrong Account head.

5. .Register for deposits not maintained properly

6.Register for deposits inot maintained properly.

7. Fund for special purposes - Reconciliation not done.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്